**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 334** **08-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡു മൂലമുള്ള സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ, ട്രിപ്പിൾ ലോക്ക്ഡൗൺ എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഏതൊക്കെ തരത്തിലാണ് ബാധിച്ചതെന്ന് വിശദമാക്കുമോ; | (എ) | കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം സംബന്ധിച്ച ആധികാരികമായ രേഖകളൊന്നും നിലവിൽ ലഭ്യമല്ല. അതേസമയം ആയതിന്റെ പ്രതികൂല ഫലങ്ങൾ സമ്പദ് വ്യവസ്ഥയിലെ സമസ്ത മേഖലകളിലും പ്രകടമാണ്. 2020-21 –ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22 –ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. ജി.എസ്.ഡി.പി യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22 –ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. |
| (ബി) | വ്യവസായം, ടൂറിസം, ഹോട്ടൽ, കെട്ടിട നിർമ്മാണം, തീർത്ഥാടനങ്ങൾ തുടങ്ങിയ സേവന മേഖലകൾ | (ബി) | കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ |

| | | | |
|---|---|---|---|
| | നിശ്ചലമായത് സംസ്ഥാന വരുമാനത്തെ ഏത് തരത്തിലാണ് ബാധിച്ചിരിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം സംബന്ധിച്ച ആധികാരികമായ രേഖകളൊന്നും നിലവിൽ ലഭ്യമല്ല. അതേസമയം ആയതിന്റെ പ്രതികൂല ഫലങ്ങൾ സമ്പദ് വ്യവസ്ഥയിലെ സമസ്ത മേഖലകളിലും പ്രകടമാണ്. 2020-21 –ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22 –ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. ജി.എസ്.ഡി.പി യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22 –ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. |
| (സി) | ലോക്ക്ഡൗൺ കാരണമുള്ള തൊഴിലില്ലായ്മ സംസ്ഥാനത്ത് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ലേ; ഇതിൽ നിന്നും കരകയറാൻ എന്തൊക്കെ കർമ്മ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയി ക്കാമോ? | (സി) | തൊഴിലില്ലായ്മ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ ഈ പ്രശ്നത്തെ അതി രൂക്ഷമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽ രഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുവാനും അഞ്ചു വർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുവാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ എന്നിവ മുഖാന്തിരമുള്ള ഇടപെടലുകളും ആ ദിശയിലേക്കുള്ള ചുവടുവയ്പ്പാണ്. |

സെക്ഷൻ ഓഫീസർ